III. ശ്രദ്ധക്ഷണിക്കൽ

(1) സംസ്ഥാനത്തെ കാർഷിക മേഖല നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നതിനു വേണ്ടിയാണ് ഞാൻ ഈ പ്രമേയം അവതരിപ്പിക്കുന്നത്. കേരളത്തിലെ കാർഷിക മേഖല നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് ഈ സഭയിൽ മൂന്നോ നാലോ പ്രാവശ്യം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉൾപ്പെടെ രണ്ടു ഭാഗത്തുനിന്നുമുള്ള അംഗങ്ങൾ സംസാരിച്ചിട്ടുള്ളതാണ്. ഞാൻ ആ കാര്യങ്ങൾ ഒന്നും ഇവിടെ ആവർത്തിക്കുന്നില്ല. ഇപ്പോൾ നെല്ല് സംഭരണത്തിന്റെ കാര്യത്തിൽ ഗവൺമെന്റ് എടുത്ത തീരുമാനം തീർച്ചയായിട്ടും നന്നായി. ആറു കോടി രൂപ ഇതിന്റെ കുടിശ്ശിക കൊടുത്തുതീർക്കാനായി കാബിനറ്റ് കൂടി തീരുമാനിച്ചു, ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ നേരിട്ട് അറിയിക്കുകയും ചെയ്തതാണ്. പക്ഷെ ഞാൻ ഇന്നലെ കൂടി അന്വേഷിച്ചപ്പോൾ ഈ കാബിനറ്റ് എടുത്ത തീരുമാനപ്രകാരമുള്ള സംഖ്യ ജില്ലാ കളക്ടർമാർക്ക് കിട്ടിയിട്ടില്ല. കൃഷി ഉദ്യോഗസ്ഥൻമാരുടെ കൈകളിൽ എത്തിയിട്ടില്ല. സാധാരണപോലെ പാലക്കാടും, തൃശൂരും, കുട്ടനാടും ഒരു സ്ഥലത്തും കിട്ടിയിട്ടില്ല. അപ്പോൾ കാബിനറ്റ് തീരുമാനം അനുസരിച്ചുള്ള കുടിശ്ശിക സംഖ്യ പാടശേഖര സമിതികൾക്കും സഹകരണ സംഘങ്ങൾക്കും കിട്ടിയാലേ നെല്ല് സംഭരിക്കാൻ കഴിയുകയുള്ളൂ. ഫലത്തിൽ കുട്ടനാടും പാലക്കാടും നെല്ല് സംഭരണം നടക്കുന്നില്ല. ഇപ്പോൾ തൃശ്ശൂർ മേഖലയിൽ കൊയ്ത്ത് കഴിഞ്ഞത് സംഭരിക്കാൻ കഴിയുന്നില്ല. വളരെ കുറച്ച് നെല്ല് എടുക്കുന്നതൊഴിച്ചാൽ നെല്ല് സംഭരിക്കുന്നില്ല. അതുകൊണ്ട് അടിയന്തിരമായി നെല്ല് സംഭരിക്കാൻ കഴിയണമെങ്കിൽ കുടിശ്ശിക സംഖ്യ കൊടുത്തുതീർക്കണം. ഈ സഹകരണങ്ങളെക്കൊണ്ട് നെല്ലെടുപ്പിക്കണം. ഗവൺമെന്റ് നിർദ്ദേശിച്ചതുപോലെതന്നെ ഗവൺമെന്റ് ഏജൻസികളുൾപ്പെടെ നെല്ല് സംഭരിക്കാനുള്ള നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ എടുത്തെങ്കിൽ മാത്രമേ സംഭരണം നടക്കുകയുള്ളൂ. സാധാരണ ഫെബ്രുവരി മാസത്തിൽ രണ്ടോ മൂന്നോ മഴ വരാറുണ്ട്. മഴ കൂടിവന്നാൽ ഈ നെല്ല് മുഴുവൻ നശിച്ചുപോകുന്ന ഗുരുതരമായ സ്ഥിതിവിശേഷം ഉണ്ടാകും. കൃഷിക്കാരുടെ ആത്മഹത്യയെക്കുറിച്ച് എത്രയോ തവണ ഈ സഭയിൽ പറഞ്ഞതാണ്. ഇന്നും മലയാള മനോരമ പത്രത്തിൽ ഒരു കൃഷിക്കാരന്റെ ആത്മഹത്യയുടെ റിപ്പോർട്ട് ഉണ്ട്. തുടർച്ചയായിട്ട് വന്നുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി ഈ സഭയിൽ എന്റെ ഒരു ചോദ്യത്തിന് ഉത്തരമായിട്ട് പറഞ്ഞത് 213 കൃഷിക്കാർ ആത്മഹത്യ ചെയ്തു എന്നാണ്. 178 പേരാണ് പിന്നീട് ഗവൺമെന്റ് അംഗീകരിച്ചതെന്നു പറഞ്ഞു. വെറും 28 കൃഷിക്കാർക്കാണ് ഗവൺമെന്റ് പ്രഖ്യാപിച്ച സഹായംതന്നെ നൽകിയത്. ചെറിയ തോതിൽ പ്രഖ്യാപിച്ച സഹായം പോലും കിട്ടിയത് നാമമാത്രമായ കൃഷിക്കാർക്കാണ്. ബാങ്കുകളുടെ വായ്പയെക്കുറിച്ച് ഗവൺമെന്റ് ഒരുപാടു കാര്യങ്ങൾ പറഞ്ഞു. ആ വായ്പകൾ തിരിച്ചടയ്ക്കുന്നതിനെ സംബന്ധിച്ചുള്ള സഹായത്തെക്കുറിച്ചു പറഞ്ഞു. സഹകരണ ബാങ്കുകൾ ചെയ്യാൻപോകുന്ന കാര്യങ്ങളെക്കുറിച്ചുപറഞ്ഞു. ഈ മേഖലയെക്കുറിച്ചു പഠനം നടത്തി പരിശോധിക്കപ്പെട്ട പഠനറിപ്പോർട്ടുകളിൽ ഇന്ന് ചൂണ്ടിക്കാണിക്കുന്നത് ഇത്തരം വായ്പയും ഒരു സഹായവും കൃഷിക്കാരെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ചിടത്തോളം കിട്ടുന്നില്ല എന്നാണ്. ഓരോ കാർഷികോൽപ്പന്നത്തിന്റെ വിലയിടിവിനെക്കുറിച്ചും ഞാൻ ഇവിടെ പറയാൻ ആഗ്രഹിക്കുന്നില്ല. എങ്കിലും ഇവിടെ അടയ്ക്ക, കുരുമുളക്, കാപ്പി, ഏലം, തേയില ഈ പ്രധാനപ്പെട്ട വിളകളുടെയൊക്കെ വില എത്രയോ താഴെപ്പോയി. ഇടതുമുന്നണിയുടെ കാലത്തേക്കാൾ വില കൂടുതൽ കിട്ടിയെന്ന് ഇവിടെ പല സന്ദർഭങ്ങളിലും മന്ത്രിമാർ പറയുന്നതു കേട്ടു. ശരിയായിരിക്കാം. തേങ്ങയ്ക്കും റബ്ബറിനും അൽപ്പം വിലയുണ്ടാകാം. പക്ഷെ എൽ.ഡി.എഫിന്റെ കാലത്തേക്കാളും ഈ അടയ്ക്കക്കും കുരുമുളകിനും കാപ്പിയ്ക്കും, ഏലക്കായ്ക്കും ഉണ്ടായിരുന്ന വില എത്രയോ താഴെപ്പോയി. അത് ഇപ്പോൾ ഇടതുമുന്നണിയാണോ യു.ഡി.എഫ്. ആണോ എന്നതിന്റെ അടിസ്ഥാനത്തിൽ ഞാൻ പറയുന്നതല്ല. കാർഷിക മേഖലയിൽ കാർഷികോൽപ്പന്നങ്ങളുടെ വില താഴെപ്പോയിക്കൊണ്ടിരിക്കുന്നു. കൃഷി മൊത്തത്തിൽ നശിച്ചുകൊണ്ടിരിക്കുന്നു. കൃഷിക്കാർ വലിയ തോതിലുള്ള സാമ്പത്തിക കടബാദ്ധ്യതയിലേക്ക് തള്ളിവീഴ്ത്തപ്പെട്ടുകൊണ്ടിരിക്കുന്നു. നെൽകൃഷിമേഖല ചുരുങ്ങി, നെൽപ്പാട സംരക്ഷണത്തിനുവേണ്ടിയുള്ള വലിയ ബഹുജന മുവ്മെന്റിലേക്ക് ഈ സ്റ്റേറ്റ് പോകേണ്ട ഗുരുതരമായ സ്ഥിതിയുണ്ടായിരിക്കുന്നു. ഈ സന്ദർഭത്തിൽ ഒന്നുരണ്ടു നിർദ്ദേശങ്ങളാണ് ഗവൺമെന്റിന്റെ സജീവ പരിഗണനയ്ക്കായി പലതവണ ഇവിടെ ഉന്നയിച്ചിട്ടുള്ളതും, ഗവൺമെന്റുമായി നടത്തിയ ചർച്ചകളിൽ കൃഷിക്കാരുടെ സംഘടനകൾ ആവർത്തിച്ചാവർത്തിച്ച് ആവശ്യപ്പെട്ടിട്ടുള്ളതും. ആ കൃഷിക്കാരുടെ വികാരം ഇവിടെ പ്രകടിപ്പിക്കപ്പെട്ട കാര്യങ്ങളൊക്കെ ക്രോഡീകരിച്ചുകൊണ്ട് ഗവൺമെന്റിന്റെ അടിയന്തിരമായ തീരുമാനത്തിനുവേണ്ടി ചില ആവശ്യങ്ങൾ ഞാൻ ഉന്നയിക്കുകയുണ്ടായി. ഒരു ലക്ഷം രൂപ വരെയുള്ള കാർഷിക കടങ്ങൾ എഴുതിത്തള്ളണമെന്നതാണ് ഒന്നാമത്തെ മുഖ്യമായ ആവശ്യം. ഹ്രസ്വകാല വായ്പകൾ ദീർഘകാല വായ്പകളായി റീ-ഷെഡ്യൂൾ ചെയ്യണം. ചുരുങ്ങിയ പീരീഡിനുള്ളിൽ അടയ്ക്കാൻ കഴിയാത്തവ റീ-ഷെഡ്യൂൾ ചെയ്തുകൊണ്ട് ദീർഘകാല വായ്പകളാക്കി മാറിയാൽ അതൊരു സഹായമാകും. നാലു ശതമാനത്തിൽ കൂടാത്ത പലിശനിരക്ക് ഈടാക്കണം. റിസർവ് ബാങ്ക് തന്നെ അത്തരം ചർച്ചകൾ നടത്തിയതായുള്ള റിപ്പോർട്ടുകൾ വന്നിട്ടുണ്ട്. പാർലമെന്റിൽ അതുസംബന്ധിച്ച് അഭിപ്രായങ്ങൾ വന്നു. നാലു ശതമാനത്തിൽ കൂടാത്ത പലിശ നിരക്കിൽ കൃഷിക്കാർക്ക് വായ്പകൾ ലഭ്യമാക്കണം. കാർഷിക വായ്പകളിലൂടെ ധനകാര്യ സ്ഥാപനങ്ങൾക്ക് ഉണ്ടാകുന്ന ബാദ്ധ്യതകൾ ഗവൺമെന്റ് ചർച്ച ചെയ്ത് ഏറ്റെടുക്കാൻ തയ്യാറായാലേ ഈ നടപടികൾ പൂർത്തിയാക്കാൻ കഴിയൂ. കാർഷിക മേഖലയ്ക്ക് ബാങ്കുകൾ നൽകിവരുന്ന വായ്പകളുടെ അനുപാതം കുറഞ്ഞുവരികയാണെന്നുള്ള വസ്തുത ഒരു യാഥാർത്ഥ്യമാണ്. ഇത് കണക്കിലെടുത്ത് ബാങ്കുകളുടെ വായ്പ അൻപത് ശതമാനം കാർഷികവായ്പകൾ ആയിരിക്കണമെന്ന് നിർബന്ധം ചെലുത്തണം. കാർഷിക കെണിയിൽപ്പെട്ട് ആത്മഹത്യ ചെയ്ത കൃഷിക്കാരുടെ കുടുംബങ്ങളെ സഹായിക്കാൻ ഗവൺമെന്റ് പ്രഖ്യാപിച്ച സഹായം പോലും ആ കുടുംബങ്ങൾക്ക് നൽകുന്നതിൽ വീഴ്ചവന്നിരിക്കുകയാണ്. ഞങ്ങൾ ആയിരത്തിലേറെ കൃഷിക്കാരുടെ കണക്കുകൾ ഇവിടെ പറഞ്ഞു. ഗവൺമെന്റ് അത് അംഗീകരിച്ചിട്ടില്ല. ഗവൺമെന്റ് അംഗീകരിച്ച കണക്കുകൾ അനുസരിച്ച് കൃഷിക്കാർക്കുള്ള ആ സഹായംപോലും നൽകാത്ത സാഹചര്യത്തിൽ അർഹതപ്പെട്ട ആ കുടുംബങ്ങൾക്ക് മുഴുവൻ സഹായം എത്തിച്ചുകൊടുക്കാൻ നടപടി സ്വീകരിക്കണം. കൃഷിയും, കാർഷിക മേഖലയും തകരുന്നു, കൃഷിക്കാരൻ തകരുന്നു എന്നുപറഞ്ഞാൽ അത് ഈ നാടിന്റെ

LIBRARY ARCHIVES Kerala Legislative Assembly

തകർച്ചയാണെന്നുള്ളത് കണക്കിലെടുത്തുകൊണ്ട് കൃഷിക്കാരെ സഹായിക്കാൻ, കാർഷിക മേഖലയെ സഹായിക്കാൻ, നടപടികൾ സ്വീകരിക്കണം. കാർഷിക മേഖലയുടെ ഈ തകർച്ച, ഈ പിന്നോട്ടടി അതിൽ നിന്ന് കൃഷിക്കാരെ സംരക്ഷിച്ച് ഉയർത്തിക്കൊണ്ടുവരാൻ കഴിയുന്നവിധത്തിൽ ഗവൺമെന്റ് അടിയന്തിരമായി നടപടികൾ സ്വീകരിക്കണമെന്നും പ്രഖ്യാപിക്കപ്പെട്ട കാര്യങ്ങൾ ചെയ്തുകൊടുക്കണമെന്നും നെല്ല് സംഭരിക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നും ഈ ശ്രദ്ധ ക്ഷണിക്കൽ പ്രമേയത്തിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, കാർഷിക മേഖല കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നു എന്ന ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായത്തോട് ഞാനും യോജിക്കുകയാണ്. പ്രകൃതിക്ഷോഭം കൊണ്ടുള്ള നാശനഷ്ടങ്ങൾ, വിലയിടിവുകൊണ്ടുള്ള ബുദ്ധിമുട്ടുകൾ, ചില കാർഷിക വിളകൾക്ക് ഉണ്ടാകുന്ന രോഗങ്ങൾ കൊണ്ടുണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ ഈ കാരണങ്ങൾകൊണ്ട് കാർഷികമേഖല കടുത്ത സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. ഇതിൽ നിന്ന് കർഷകരെ രക്ഷിക്കാൻ വേണ്ടി ഗവൺമെന്റിനെക്കൊണ്ട് സാദ്ധ്യമായിട്ടുള്ള എല്ലാ നടപടികളും എടുത്തിട്ടുണ്ട്. ഇനിയും പുതുതായിട്ട് വരുന്ന നിർദ്ദേശങ്ങൾ ഗവൺമെന്റിന്റെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ചെയ്യാൻ തയ്യാറാണ്. കാരണം ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുതന്നെയാണ്. കാർഷിക മേഖല തകർന്നാൽ കേരളത്തിന്റെ സമ്പദ്ഘടനതന്നെ തകരും. യാതൊരു സംശയവുമില്ല. അതിനെക്കുറിച്ച് തികഞ്ഞ ബോദ്ധ്യത്തോടുകൂടിയാണ് ഗവൺമെന്റ് ഇക്കാര്യത്തെ സമീപിക്കുന്നത്. കേന്ദ്ര ഗവൺമെന്റിനെ നമ്മൾ സമീപിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ EXIM പോളിസിയിൽ കേരളത്തിലെ കാർഷിക മേഖലയെ സംരക്ഷിക്കത്തക്ക വിധത്തിലുള്ള മാറ്റങ്ങൾ ഉണ്ടാകണം. ഇന്നത്തെ ആഗോളവൽക്കരണത്തിന്റേയും ഉദാരവൽക്കരണത്തിന്റേയും കാലഘട്ടത്തിൽ EXIM പോളിസിയ്ക്ക് വലിയ പ്രാധാന്യമുണ്ട്. അതുകൊണ്ട് സംസ്ഥാന ഗവൺമെന്റ് തുടർച്ചയായിട്ട് തന്നെ കേരളത്തിലെ കർഷകർക്ക് സംരക്ഷണം ലഭിക്കത്തക്ക വിധത്തിലുള്ള മാറ്റങ്ങൾ ഉണ്ടാകണമെന്നുള്ള ശക്തമായിട്ടുള്ള ആവശ്യം കേന്ദ്ര ഗവൺമെന്റിന്റെ മുന്നിൽ ഉന്നയിച്ചിട്ടുണ്ട്. അതായത് വലിയ വിലയിടിവിന്റെ കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ മാർക്കറ്റ് ഇന്റർവെൻഷനാണ്. നെല്ലിന്റേയും, കുരുമുളകിന്റേയും, അടയ്ക്കയുടേയും കാര്യത്തിൽ മാർക്കറ്റ് ഇന്റർവെൻഷനുവേണ്ടിയിട്ടുള്ള പരിപാടികൾ തയ്യാറാക്കി അത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ഇതിനകത്ത് ചില പോരായ്മകളുണ്ട്. ആ പോരായ്മകൾ തിരുത്തിക്കൊണ്ടിരിക്കുകയാണ്. കാപ്പിയുടെ കാര്യത്തിൽ ഒരു പ്രൊഡക്ഷൻ ഇൻസെന്റീവ് കൊടുക്കുന്നതിനുള്ള തീരുമാനമാണ് എടുത്തത്. അതുംനടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. നെല്ല് സംഭരണത്തിന്റെ കാര്യത്തിൽ അങ്ങ് പറഞ്ഞത് ശരിയാണ്. ആറു കോടി രൂപ കൊടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചു. ആ ആറു കോടി രൂപ കിട്ടിയിട്ടില്ല എന്ന് പറഞ്ഞത് ശരിയാണ്. കാരണം ആറു കോടിയിൽ 1.61 കോടി രൂപ നമ്മൾ ഇന്ന് ഇവിടെ ചർച്ച ചെയ്യപ്പെടുന്ന സപ്ലിമെന്ററി ഡിമാന്റ്സിൽ ആണ് വച്ചിരിക്കുന്നത്. ഇത് ഇവിടെ പാസാക്കി, അപ്രോപ്രിയേഷനിൽക്കൂടി പാസായിക്കഴിഞ്ഞാൽ അന്നേരം തന്നെ ഒരു കോടി അറുപത്തിയൊന്നു ലക്ഷം രൂപ അവർക്ക് കിട്ടും. ബഡ്ജറ്റിനുപുറമേ ഈ നെല്ല് സംഭരണത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് 4.39 കോടി രൂപ കൂടി ഫിനാൻസ് വകുപ്പ്

LIBRARY ARCHIVES Kerala Legislative Assembly

പ്രത്യേകമായിട്ട് നെല്ല് സംഭരണത്തിനുവേണ്ടി നീക്കിവച്ചിട്ടുണ്ട്. അതിന്റെ ഉത്തരവ് ഉടനെ നൽകി, ആ തുകയും കൊടുക്കും, ഗവൺമെന്റ് കമ്മിറ്റ് ചെയ്തിട്ടുള്ള ആറ് കോടി രൂപ എല്ലാ ജില്ലകൾക്കും കൊടുക്കാനുള്ള നടപടികൾ ആയിട്ടുണ്ട്. അലോക്കേഷനായി. ഇനി നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്ന കാര്യം മാത്രമേയുള്ളൂ, നടപടിക്രമങ്ങൾ എത്രയും വേഗം പൂർത്തീകരിച്ചുകൊണ്ട് അത് നൽകുന്നതാണ്. മാർക്കറ്റ് ഇന്റർവെൻഷനിൽ ഫലപ്രദമായിട്ടുള്ള പ്രവർത്തനത്തിലൂടെ വിലയിടിവിൽ നിന്ന് കർഷകരെ സംരക്ഷിക്കുന്നതാണ്. കേന്ദ്രഗവൺമെന്റിന്റെ EXIM പോളിസിയിൽ നമ്മൾ ഉദ്ദേശിക്കുന്ന രീതിയിലുള്ള മാറ്റങ്ങൾ ഉണ്ടാകണം. അതേസമയത്ത് മാർക്കറ്റ് ഇന്റർവെൻഷനും വേണം. ഇത് രണ്ടുംകൂടി ഒന്നിച്ചുകൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നത്. നെല്ല് സംഭരണത്തെ സംബന്ധിച്ചിടത്തോളം അടുത്ത കൊല്ലം മുതൽ കൂടുതൽ കൂടുതൽ ഫലപ്രദമായി, കൂടുതൽ രീതി കൊണ്ടുവരാൻ സാധിക്കുമെന്നാണ് ഞങ്ങളുടെ പ്രതീക്ഷ. അതായത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ കർഷകരിൽനിന്നും നെല്ല് സംഭരിക്കുക. അത് അരിയാക്കി എഫ്. സി. ഐ.-ക്ക് കൊടുക്കുക. എഫ്.സി.ഐ. ഇപ്പോൾ മേടിക്കുന്ന വിലയ്ക്കാണെങ്കിൽ നമുക്ക് വലിയ നഷ്ടം വരും. നമ്മൾ ഇപ്പോൾ ആവശ്യപ്പെടുന്നത്, എഫ്. സി. ഐ. പഞ്ചാബിൽനിന്നും മേടിക്കുന്ന അരി കേരളത്തിൽ എത്തിക്കുന്നതിനു വേണ്ടി വരുന്ന ഭീമമായ ഒരു ട്രാൻസ്പോർട്ട് ചെലവുണ്ട്. അതുകൂടി നമുക്കുതന്നാൽ നമുക്ക് ഫലപ്രദമായി നടപ്പിലാക്കൻ സാധിക്കും. നമ്മുടെ ഭക്ഷ്യവകുപ്പുമന്ത്രി ശ്രീ. അടൂർ പ്രകാശ് ഡൽഹിയിൽ പോയി കേന്ദ്രമന്ത്രി ശ്രീ. ശരത് പവാറുമായിട്ട് ഈ നിർദ്ദേശത്തെക്കുറിച്ച് സംസാരിച്ചുകഴിഞ്ഞിരിക്കുകയാണ്. അദ്ദേഹത്തിൽനിന്ന് അനുഭാവപൂർവ്വമായ മറുപടി ലഭിക്കുകയും ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടിയെക്കുറിച്ച് രണ്ടാഴ്ചയ്ക്കകം റിപ്പോർട്ട് കൊടുക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം കൊടുക്കുകയും ചെയ്തു. അങ്ങനെ ഒരു തീരുമാനം വന്നാൽ വരുന്ന കൊല്ലം മുതൽ ഫലപ്രദമായുള്ള സംഭരണ രീതി നെല്ലിന്റെ കാര്യത്തിൽ കൊണ്ടുവരാൻ സാധിക്കും. ആത്മഹത്യ ചെയ്ത കൃഷിക്കാർക്ക് സഹായം കൊടുക്കുന്നതിനെക്കുറിച്ച് പറഞ്ഞു. ഗവണ്മെന്റ് നിശ്ചയിച്ചിട്ടുള്ള സഹായം അത് അർഹിക്കുന്ന എല്ലാപേർക്കും കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. അവരുടെ കടത്തിന്റെ കാര്യത്തിൽ ഒരു വർഷത്തേയ്ക്ക് ജപ്തിനടപടികളെല്ലാം നിർത്തിവച്ചിട്ടുണ്ട്. അത് എല്ലായിടത്തും കർശനമായി നടപ്പിലാക്കുന്നുണ്ട്. അതിന് വ്യത്യസ്തമായി ആരെങ്കിലും നോട്ടീസ് കൊടുത്തിട്ടുണ്ടെങ്കിൽ അവർക്കെതിരെ നടപടികൾ എടുക്കുന്നതിനുപോലും ഗവണ്മെന്റ് തയ്യാറാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അവരുടെ കടം മുഴുവനും പലിശ മുഴുവനും എഴുതിത്തള്ളാൻ പറയുന്നതിനകത്ത് സാമ്പത്തികമായ ബുദ്ധിമുട്ടുകളുണ്ട്. കേന്ദ്ര ഗവണ്മെന്റിനോട് നമ്മൾ ചില ആവശ്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്. ഇവരുടെ പലിശയുടെ കാര്യത്തിൽ നാഷണലൈസ്ഡ് ബാങ്കുകൾക്ക് വേണ്ട നിർദ്ദേശം കൊടുക്കണമെന്ന് പറഞ്ഞു. അതിന് അനുഭാവപൂർവ്വമായ ഒരു തീരുമാനം വന്നിട്ടില്ല. സഹകരണ മേഖലയിൽനിന്നും എടുത്തിട്ടുള്ള കാർഷിക കടങ്ങൾക്ക്, വയനാട് ജില്ലയിൽ ഒരു പ്രത്യേക പാക്കേജ് കൊണ്ടുവന്നു. അതേ പാക്കേജ് അവിടത്തെ നാഷണലൈസ്ഡ് ബാങ്കുകളിലേയ്ക്കുകൂടി വ്യാപിപ്പിക്കണമെന്ന് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയോട് ആവശ്യപ്പെട്ടു. ആ ആവശ്യം ഇനിയും നമ്മൾ ശക്തമായിട്ട് കേന്ദ്രത്തിന് മുന്നിൽ ഉന്നയിക്കുന്നതാണ്. കർഷകർക്ക് ഗവണ്മെന്റിന്റെ സാമ്പത്തിക പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് പരമാവധി സഹായങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തുകൊടുക്കാൻ കേന്ദ്ര ഗവണ്മെന്റിൽ സമ്മർദ്ദം ചെലുത്തും. അവരുടെ നയങ്ങളും നടപടികളും കർഷകർക്ക് അനുകൂലമാക്കി മാറ്റാൻ ശ്രമിക്കുമെന്ന് ഈ സഭയിൽ ഉറപ്പു നൽകാനും ഈ അവസരം വിനിയോഗിക്കുന്നു.

ശ്രീ. കെ.പി. രാജേന്ദ്രൻ: കേന്ദ്രത്തിന്റെ മുന്നിൽ നമുക്കുണ്ടായ കൃഷിനാശത്തിന്റെ കണക്കുകളെടുത്ത് മെമ്മോറാണ്ടം സമർപ്പിച്ചു. അതിനുമുമ്പ് വെള്ളപ്പൊക്കത്തിന്റെ കാര്യത്തിൽ മെമ്മോറാണ്ടം സമർപ്പിച്ചു. പല ചർച്ചകൾ നടത്തി. ഈ സഭയിൽ ചർച്ച ചെയ്തു. കേന്ദ്ര ഗവണ്മെന്റിൽനിന്നും എന്തെങ്കിലും സഹായം കേരളത്തിലെ കൃഷിക്കാരെ സഹായിക്കാൻവേണ്ടി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിതരണ നടപടികൾ എന്തായി എന്ന് പറയാമോ?

ശ്രീ. ഉമ്മൻ ചാണ്ടി: കേന്ദ്ര ഗവണ്മെന്റിൽനിന്നും 106 കോടി രൂപ ഉല്പാദനോപാധികൾക്കായി ലഭിച്ചിട്ടുണ്ട്. കുരുമുളക്, കശുവണ്ടി എന്നിവയുടെ റീ-പ്ലാന്റിംഗിനുവേണ്ടി 30 കോടി രൂപയും ലഭിച്ചിട്ടുണ്ട്. 50 കോടി രൂപ വരൾച്ചയുമായി ബന്ധപ്പെട്ട് കിട്ടിയിട്ടുണ്ട്. അങ്ങനെ ആകെ 186 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(2) കൊച്ചി നഗരത്തിലെ ഗതാഗത പ്രശ്നങ്ങൾ

ശ്രീ. കെ. മുഹമ്മദാലി: സർ, ഗതാഗതക്കുരുക്കിലും ഡെൻസിറ്റി ഓഫ് ട്രാഫിക്കിലും കൊച്ചി നഗരം വീർപ്പുമുട്ടുകയാണ്. പുതിയതായി വരുന്ന വൻകിട പ്രോജക്ടുകൾ ഗതാഗതക്കുരുക്ക് കൂടുതൽ ഗുരുതരമാക്കാനുള്ള സാദ്ധ്യതകൾ ഉണ്ടാക്കും. ദേശീയ പാത 47-ലാണെങ്കിൽ പാസഞ്ചർ കാർ യൂണിറ്റ് ഒരു ലക്ഷമായി വർദ്ധിച്ചു കഴിഞ്ഞു. ഒരു ലക്ഷം ആകുമ്പോൾ സ്വാഭാവികമായും 12 നിര ട്രാഫിക് ലൈൻ ഉണ്ടാകണം. ഇപ്പോൾ 4 നിര ട്രാഫിക് സൗകര്യം മാത്രമാണുള്ളത്. പ്രത്യേകിച്ച് കൊച്ചി-ചാലക്കുടി മേഖലയിൽ ഒരു ലക്ഷത്തിന് മുകളിൽ കടന്നുകൊണ്ടിരിക്കുകയാണ്. ഇതിന് പരിഹാരമെന്ന നിലയിൽ ദേശീയ പാത 47-ന്റെ വികസനവും അതുപോലെ ദേശീയ പാത 17-ന്റെ വികസനവും വളരെ ഗൗരവമായി ഏറ്റെടുക്കണം. കൊച്ചിയുടെ ഭാവി വികസനം കൂടി മുന്നിൽ കണ്ടുകൊണ്ടാണ് പല പുതിയ പദ്ധതികൾക്കും രൂപം നൽകിയിരിക്കുന്നത്. അതിലൊന്നാണ് സീ പോർട്ട്-എയർ പോർട്ട് റോഡ്. കളമശ്ശേരി മുതൽ കൊച്ചി എയർപോർട്ട് വരെയുള്ള നിർമ്മാണ പ്രവർത്തനത്തിനാവശ്യമായ സ്ഥലം ലഭ്യമാക്കാനുള്ള നടപടികൾ ഒച്ച് ഇഴയുന്നതുപോലെയാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. അതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി മുന്നോട്ടു കൊണ്ടുപോകുക എന്നുള്ളത് വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. ഇപ്പോൾ കൊച്ചിയിൽ വരാൻ പോകുന്ന എല്ലാ വികസനവുമായി ബന്ധപ്പെട്ടു കിടക്കുന്ന റോഡാണ് സീ പോർട്ട്-എയർ പോർട്ട് റോഡ്. ഇത് കൊച്ചിയുടെ ഗതാഗതക്കുരുക്ക് പരിഹരിക്കുക എന്ന ഉദ്ദേശത്തോടുകൂടി നിർദ്ദേശിക്കപ്പെട്ട പദ്ധതിയാണ്. ഭൂമി ഏറ്റെടുക്കലും ഭൂമി ഏറ്റെടുത്ത സ്ഥലങ്ങളിൽ ബ്രിഡ്ജസ് കോർപ്പറേഷൻ പണി നടത്തിയതുമൊക്കെ വളരെ നാളുകളായി ആരംഭിച്ചതാണ്. അത് പൂർണ്ണമായും മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്ന നിലയിൽ ഇന്ന് രണ്ടുനിര ട്രാഫിക്കാണ് ഉദ്ദേശിച്ചിരുന്നതെങ്കിൽ അത് 4 നിര ട്രാഫിക്കാക്കി മാറ്റുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. കൊച്ചിയെ സംബന്ധിച്ച ഏറ്റവും പ്രധാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly